# പതിനഞ്ചാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

03-06-2021

## (2) നിയമസഭാ ചട്ടങ്ങൾ സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

2021 ജൂൺ 3-ാം തീയതി നിയമനിർമ്മാണത്തിന്റെ പരിഗണനാവേളയിൽ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സഭയിൽ അവതരിപ്പിക്കുന്നത് നിയമസഭാ ചട്ടങ്ങൾ 76, 77, 237 എന്നിവയുടെ ലംഘനമാണെന്നും ബില്ലിലെ വ്യവസ്ഥകൾ 2020 മാർച്ച് 26-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണെന്നും ഇത്തരം ഒരു നിയമനിർമ്മാണത്തിന്റെ അടിയന്തര ആവശ്യമില്ലെന്നും നിലവിൽ ഓർഡിനൻസുള്ളതിനാൽ നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കുമെന്നും സബ്ജക്ട് കമ്മിറ്റികളുടെ പരിഗണന കൂടാതെ നിയമസഭാചട്ടങ്ങൾ മറികടന്ന് ബിൽ പാസ്സാക്കാനുള്ള നീക്കം ജനാധിപത്യ അവകാശങ്ങളുടെയും നിയമസഭാ ചട്ടങ്ങളുടെയും ലംഘനമാണെന്നും ഇക്കാര്യത്തിൽ ചെയർ റൂളിംഗ് നൽകണമെന്നും ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സഭാ ചട്ടപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നതെന്നും ചട്ടം 313-ൽ പറയുന്നത് 'ഏതൊരു അംഗത്തിനും സഭ മുമ്പാകെയുള്ള ഒരു പ്രത്യേക ഉപക്ഷേപത്തിന് ബാധകമാക്കുന്നതിനുവേണ്ടി ഏതെങ്കിലും ചട്ടം സസ്പെൻഡ് ചെയ്യാമെന്ന് സ്പീക്കറുടെ സമ്മതത്തോടുകൂടി പ്രമേയം അവതരിപ്പിക്കാവുന്നതും, ആ പ്രമേയം അംഗീകരിക്കപ്പെടുകയാണെങ്കിൽ ആ ചട്ടം അപ്പോഴത്തേയ്ക്ക് സസ്പെൻഡ് ചെയ്യേണ്ടതുമാകുന്നു' എന്നാണെന്നും ഇപ്പോഴത്തെ പകർച്ചവ്യാധികളുടെ അടിയന്തര സാഹചര്യത്തിൽ, സഭ ഈ ബിൽ പരിഗണിക്കുന്നുവെന്നും ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

പുതിയ സഭ നിലവിൽ വന്നതിനെത്തുടർന്ന് രൂപീകരിക്കേണ്ട സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വരാത്ത സാഹചര്യത്തിലാണ് കേരള സാംക്രമിക രോഗങ്ങൾ ബിൽ ഇന്ന് സഭ പരിഗണിക്കണമെന്ന ശിപാർശ കാര്യോപദേശക സമിതി മുന്നോട്ടുവച്ചത്. ചട്ടപ്രകാരം ബിൽ അന്തിമമായി

പാസ്സാക്കുന്നതിനുമുമ്പായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന ഒഴിവാക്കേണ്ടി വന്നിട്ടുണ്ടെങ്കിൽപ്പോലും ഓർഡിനൻസിനുപകരമുള്ള ഒരു ബില്ലായതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഓർഡിനൻസ് നിരാകരണ പ്രമേയം അവതരിപ്പിക്കാനും ഭേദഗതി നോട്ടീസ് നൽകി ബില്ലിന്റെ തത്വത്തെ സംബന്ധിച്ചുള്ള പൊതുചർച്ച നടത്താനും അവസരമൊരുക്കിയിട്ടുണ്ട്. വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കായി ഭേദഗതി നോട്ടീസ് നൽകുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുകയും 550-ലധികം ഭേദഗതികൾ വിവിധ വകുപ്പുകളിന്മേൽ ലഭ്യമാകുകയും അവ ലിസ്റ്റാക്കി സർക്കുലേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ പല സുപ്രധാന നിയമനിർമ്മാണങ്ങളും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയോ പൊതുചർച്ചയോ കൂടാതെ പാസ്സാക്കിയിട്ടുള്ളതായി കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സഭ പരിഗണിക്കുന്നതിനെതിരെ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.